# അതിർത്തി സഹകരണത്തില് ഇന്ത്യയും മ്യാൻമാറും ധാരണാപത്രം ഒപ്പ് വച്ചു

മേയ് 10, 2014

അതിർത്തി സഹകരണത്തിൽ ഇന്ത്യയും മ്യാൻമാറും ഒരു ധാരണാപത്രം ഒപ്പ് വച്ചു . ധാരണാപത്രത്തിൽ മ്യാന്മാറിലെ ഇന്ത്യയുടെ സ്ഥാനപതി ശ്രീ ഗൌതം മുഖോപാധ്യായയും മ്യാന്മാറിലെ ഉപ പ്രതിരോധമന്ത്രി മേജർ ജനറല് ക്യാവ് ന്യുന്റും , മേയ് എട്ടിന് ( മേയ് 08 , 2014 ) നയ് പൈ താവിൽ വച്ച് ഒപ്പ് വച്ചു.

ഇന്ത്യയുടെയും മ്യാൻമാറിന്റേയും സുരക്ഷാ ഏജൻസികള് തമ്മിൽ വിവര കൈമാറ്റം , സുരക്ഷാ സഹകരണം എന്നിവയ്ക്കുള്ള ചട്ടക്കൂട് ഉണ്ടാക്കുന്നതാണു ധാരണാപത്രം. പ്രധാനപ്പെട്ട കാര്യം എന്തെന്നാൽ അന്താരാഷ്ട്ര അതിർത്തി , സമുദ്രാതിർത്തി എന്നിവിടങ്ങളിൽ അവരവരുടെ വശങ്ങളിൽ സഹകരിച്ചു നിരീക്ഷണ ചുറ്റൽ നടത്തുന്നതിന് ഇരു രാജ്യങ്ങളിലേയും സായുധ സേനയ്ക്ക് മാർഗ്ഗദർശനം ചെയ്യുന്നു എന്നതാണ്.

കലാപം , ആയുധ കടത്തും മയക്കു മരുന്ന് കടത്തും , മനുഷ്യ- വന്യമൃഗ കടത്ത് എന്നിവക്കെതിരെയുള്ള യുദ്ധത്തിൽ വിവരങ്ങള് കൈമാറ്റം ചെയ്യാമെന്ന് ഇരു വശവും സമ്മതിച്ചു. അതിർത്തി കടത്തിയുള്ള നിയമവിരുദ്ധമായ പ്രവർത്തികള് തടയുവാൻ വേണ്ട നടപടികൾ എടുക്കാമെന്നു ഇരു ഭാഗവും തീരുമാനിച്ചു. സായുധ സേനകൾ, ഡ്രഗ് കൺട്രോള് ഏജൻസികള്, വൈൽഡ്

ലൈഫ് ക്രൈം കൺട്രോള് ഏജൻസികള് എന്നിവയുടെ ചർച്ചകള് നടക്കുന്നതിലെ കാലയളവുകള്, ഏതൊക്കെ തലം എന്നിവ ധാരണാപത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്

ഇരു രാജ്യങ്ങൾക്കും ഇടയില് സമാധാനം, സ്ഥിരത, ദൂരമുള്ള അന്താരാഷ്ട്ര കരയിലും സമുദ്രാതിർത്തിയിലും ഉള്ള സുരക്ഷ എന്നിവ ഉറപ്പാക്കുവാൻ ഇന്ത്യക്കും മ്യാന്മാര് സുരക്ഷാ ഏജൻസികൾക്കും ഇടയിലുള്ള , സുവ്യക്തവും വർധിക്കുന്നതുമായ സഹകരണത്തിന് ഈ ധാരണാപത്രം സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു

**ന്യൂ ഡെൽഹി**
**മേയ് 10, 2014**